(ബി) 6-8-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 351/08 പ്രകാരം 6-8-2008 മുതൽ പ്രത്യേക കർമ്മസമിതി (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) പ്രവർത്തനം ആരംഭിച്ചു. 22-8-2008-ൽ ആയിരുന്നു പ്രത്യേക കർമ്മസമിതിയുടെ ആദ്യ മീറ്റിംഗ്.

(സി) ഒരേ വേദിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും ഇരുന്ന് ചർച്ചചെയ്യുന്നതിനാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ഭരണവകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേക്കും കൂടുതൽ വിശദീകരണത്തിനായി ഭരണവകുപ്പിലേക്ക് വീണ്ടും വീണ്ടും അയയ്ക്കേണ്ടിവരുന്നില്ല. ഇത് ഭരണാനുമതിക്കു വേണ്ടിയുള്ള അനാവശ്യമായ കാലതാമസം ഒഴിവാക്കാനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും സഹായിക്കുന്നു.

(ഡി) കർമ്മസമിതികളുടെ പ്രവർത്തനംകൊണ്ട് പദ്ധതികൾക്ക് കാലവിളംബം കൂടാതെ ഭരണാനുമതി നൽകുന്നതിനും അതിലൂടെ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. അതിനാൽ കർമ്മസമിതികളുടെ പ്രവർത്തനം തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭരണാനുമതി സംബന്ധിച്ച പ്രവർത്തനങ്ങൾ കഴിവതും സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽതന്നെ പൂർത്തീകരിക്കത്തക്കരീതിയിൽ കർമ്മസമിതികളുടെ പ്രവർത്തനം ക്രമീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

വികസനപ്രവർത്തനങ്ങളുടെ പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ രൂപീകരിച്ച കർമ്മസമിതിയുടെ പ്രവർത്തനം

160 (174) ശ്രീ. എം. എ. വാഹീദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളുടെ പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ രൂപീകരിച്ച കർമ്മസമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എന്നുമുതലാണ് ഈ കർമ്മസമിതിയുടെ പ്രവർത്തനം ആരംഭിച്ചതെന്ന് അറിയിക്കുമോ ;

(സി) ഈ കർമ്മസമിതി എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത് എന്നറിയിക്കുമോ ;

(ഡി) പദ്ധതിച്ചെലവുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ ഇടപെടൽ നടത്താൻ ഈ പ്രത്യേക സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 6-8-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 351/08 പ്രകാരം 6-8-2008 മുതൽ പ്രത്യേക കർമ്മസമിതി (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) പ്രവർത്തനം ആരംഭിച്ചു. 22-8-2008-ൽ ആയിരുന്നു പ്രത്യേകകർമ്മസമിതിയുടെ ആദ്യമീറ്റിംഗ്.

(സി) വാർഷികപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മൂന്ന് കോടി രൂപയ്ക്ക് മുകളിൽവരുന്ന പുതിയ പദ്ധതികൾക്കും/നിലവിലുള്ള സ്കീമുകളിൽ ഘടനാപരമായ മാറ്റം ആവശ്യമുള്ള പദ്ധതികളും പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് അനുവാദംനൽകുന്നു.

(ഡി) ഒരേ വേദിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും ഇരുന്ന് ചർച്ച ചെയ്യുന്നതിനാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ഭരണകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേക്കും കൂടുതൽ വിശദീകരണത്തിനായി ഭരണവകുപ്പിലേക്ക് വീണ്ടും വീണ്ടും അയയ്ക്കേണ്ടിവരുന്നില്ല. ഇത് ഭരണാനുമതിക്കുവേണ്ടിയുള്ള അനാവശ്യമായ കാലതാമസം ഒഴിവാക്കാനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും സഹായിക്കുന്നു.

എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

161 (175) ശ്രീ. യു. സി. രാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുനടത്തിയ പ്രവൃത്തികൾക്ക് ഇതുവരെ കോഴിക്കോട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 18,96,99,454 രൂപ ചെലവഴിച്ചു.

(ബി)

നമ്പർ	നിയോജകമണ്ഡലം	ചെലവഴിച്ച തുക രൂപയിൽ
(1)	(2)	(3)
1.	വടകര	1,23,71,248
2.	കോഴിക്കോട് - 2	95,99,144
3.	കുന്ദമംഗലം	2,76,58,315
4.	കൊടുവള്ളി	2,23,83,267

LIBRARY ARCHIVES Kerala Legislative Assembly